/34544/2023

ഭരണഭാഷ-മാതൃഭാഷ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ്: 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

നം: ഡിഇഎസ്/5192/2022/ഇഎ2

തീയതി: 02-02-2023

## സർക്കുലർ

വിഷയം:- ഡിഇഎസ് - ജീവനക്കാര്യം - ജില്ലകളിലുള്ള ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ആഫീസർ എന്നീ ഉദ്യോഗസ്ഥരുടെ ആകസ്മിക അവധി അപേക്ഷകൾ ഓൺലൈൻ ആയി സ്പാർക്ക് മുഖേന സമർപ്പിക്കുന്നതിന് - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. സർക്കാരിന്റെ 30/09/2022 ലെ ജി.ഒ (പി) നം. 119/2022/ഫിൻ നമ്പർ ഉത്തരവ്
2. ഈ ആഫീസിലെ 27/12/2022 ലെ ഇതേ നമ്പർ സർക്കുലർ

സൂചനകളിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) സർക്കുലർ പ്രകാരം ഉദ്യോഗസ്ഥരുടെ അവധി അപേക്ഷകൾ ഓൺലൈൻ ആയി സ്പാർക്ക് മുഖേന സമർപ്പിക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഈ ആഫീസിൽ നിന്നും നൽകിയിരുന്നു. പ്രസ്തുത സർക്കുലറിനു അനുബന്ധമായി, ജില്ലകളിലുള്ള ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ ആഫീസർമാർ എന്നീ ഉദ്യോഗസ്ഥരുടെ ആകസ്മിക അവധി സംബന്ധിച്ച താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉദ്യോഗസ്ഥരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി നൽകുന്നു. നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

1. ജില്ലകളിലുള്ള ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ ആഫീസർമാർ എന്നിവരുടെ ആകസ്മിക അവധി അപേക്ഷയിന്മേൽ ആകസ്മിക അവധി അനുവദിക്കുന്നത് ഈ ആഫീസിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ആണ്. ആയതിനാൽ മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ ആകസ്മിക അവധി അപേക്ഷകൾ ഓൺലൈൻ ആയി സ്പാർക്ക് മുഖേന ഈ ആഫീസിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ന് സമർപ്പിക്കേണ്ടതാണ്.
2. ഓൺലൈൻ ആയി സ്പാർക്ക് മുഖേന ആകസ്മിക അവധി അപേക്ഷകൾ ഈ ആഫീസിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ന് സമർപ്പിക്കുവാൻ ജില്ലകളിലുള്ള ഉദ്യോഗസ്ഥർക്ക്

സാങ്കേതികമായി തടസ്സം നേരിടുന്ന പക്ഷം അവധി അപേക്ഷകൾ നിലവിലുള്ള രീതിയിൽ മാനുവലായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

3. ഉദ്യോഗസ്ഥരുടെ ഓൺലൈൻ അവധി അപേക്ഷയുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും, ഈ ആഫീസിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

DIRECTOR

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ ആഫീസർമാർക്കും

പകർപ്പ്:-

1. അഡീഷണൽ ഡയറക്ടർ (ജനറൽ)
2. സെക്ഷൻ മേധാവി - പി.പി.സി സെക്ഷൻ
3. എല്ലാ ജില്ലാ മേധാവിമാർക്കും - വിവരം ഉദ്യോഗസ്ഥരെ അറിയിക്കുന്നതിലേക്കായി
4. ഡെപ്യൂട്ടി ഡയറക്ടർ കമ്പ്യൂട്ടർ വിഭാഗം - വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി
5. സൂക്ഷിപ്പ് ഫയൽ